# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചൊവ്വന്നൂര് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 3) 354/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 20/04/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചൊവ്വന്നൂര് ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : ചൊവ്വന്നൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചൊവ്വന്നൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ) തൃശ്ശൂർ
ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 3) 354/2022 തീയ്യതി: 20/04/2022

## തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-06-2019 മുതൽ 17-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷാജി.കെ. | ജോയിന്റ് ഡയറക്ടര് | 18-12-2021 | 21-12-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-12-2021 | 21-12-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

റാം മനോഹർ.വി.കെ. ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
സുധ.ഇ.എൻ. അസി.ഓഡിറ്റ് ഓഫീസർ
സുനിൽ.പി.ബി.അസി.ഓഡിറ്റ് ഓഫീസർ
ജീജോ ജോബ്. സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കുമാരി. എ.വി.സുമതി. | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.കെ.എച്ച്. നാസർ | സെക്രട്ടറി | 01-04-2019 | 26-06-2019 |
| ശ്രീ.ബൈജു.എം. | സെക്രട്ടറി | 27-06-2019 | 03-09-2019 |
| ശ്രീ.രാഹുൽ .ജി. കൃഷ്ണൻ | സെക്രട്ടറി | 04-09-2019 | 31-03-2020 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സിബി.എ.പി. | അസി.എക്സി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ജയ.ഒ.ആർ. | അസി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | 01-04-2019 | 31-03-2020 |
| ശ്രീമതി.നാദിറ.എച്ച്. | ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ | 01-04-2019 | 05-08-2019 |
| കുമാരി.സിന്ധു. | ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ | 06-08-2019 | 02-01-2020 |
| ശ്രീമതി.ശ്രീജ.എസ്. | ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ | 03-01-2020 | 31-03-2020 |
| ശ്രീമതി.എസ്.കെ.ഗിരിജ. | ക്ഷീരവികസന ഓഫീസർ | 01-04-2019 | 12-05-2019 |
| ശ്രീമതി.മഞ്ജുഷ.ടി.വി. | ക്ഷീരവികസന ഓഫീസർ | 13-05-2019 | 19-06-2019 |
| ശ്രീമതി.എസ്.കെ.ഗിരിജ. | ക്ഷീരവികസന ഓഫീസർ | 20-06-2019 | 11-02-2020 |
| ശ്രീമതി.വി.ജെ.റീന. | ക്ഷീരവികസന ഓഫീസർ | 12-02-2020 | 31-03-2020 |
| ഡോ.വാസുദേവൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 01-04-2019 | 31-03-2020 |
| ശ്രീമതി.റീന ജോൺ.വി | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2019 | 18-07-2019 |
| ശ്രീമതി.ഫാൻസി പരമേശ്വരൻ | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 19-07-2019 | 30-12-2019 |
| ശ്രീമതി.രുഗ്മിണി.ആർ | അസി.ഡയറക്ടർ ഓഫ്അഗ്രികൾച്ചർ | 31-12-2019 | 31-03-2020 |
| ശ്രീ.ജോസഫ് ജോർജ്ജ് | പട്ടിക ജാതി വികസന | 01-04-2019 | 13-10-2019 |

| | | | |
|---|---|---|---|
| കണ്ണനായ്ക്കൽ | ഓഫീസർ-ഗ്രേഡ്-1 | | |
| ശ്രീമതി രജനി.എ. | പട്ടിക ജാതി വികസന ഓഫീസർ-ഗ്രേഡ്-1 | 14-10-2019 | 31-03-2020 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ram Manohar V.K (Audit Officer (HG), On 18-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-1 |
| 2 | ബജറ്റ് നിർദ്ദേശം സംബന്ധിച്ച പഞ്ചായത്ത് രാജ് നിയമത്തിലെയും, ചട്ടങ്ങളിലേയും വ്യവസ്ഥകളും ബ്ലോക്ക് പഞ്ചായത്തും.<br>Written By: Ram Manohar V.K (Audit Officer (HG), On 18-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-1-1 |
| 3 | ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetary Control)<br>Written By: Ram Manohar V.K (Audit Officer (HG), On 18-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-1-2 |
| 4 | വാർഷികധനകാര്യപത്രിക<br>Written By: Jeejo Job (Senior Grade Auditor, On 20-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-2 |
| 5 | സാമ്പത്തിക വിശകലനം<br>Written By: Jeejo Job (Senior Grade Auditor, On 20-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Jeejo Job (Senior Grade Auditor, On 20-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Jeejo Job (Senior Grade Auditor, On 20-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-5 |
| 8 | ക്യാഷ് പരിശോധന<br>Written By: Jeejo Job (Senior Grade Auditor, On 20-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-6 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Jeejo Job (Senior Grade Auditor, On 20-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-7 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Ram Manohar V.K (Audit Officer (HG), On 18-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-8 |
| 11 | വാർഷിക ധനകാര്യ പത്രിക പരിശോധന<br>Written By: Sunil.P.B (Asst. Audit Officer, On 01-01-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-9 |
| 12 | അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Sunil.P.B (Asst. Audit Officer, On 01-01-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-9-1 |
| 13 | വരവ് രജിസ്റ്ററുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 01-01-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-9-2 |
| 14 | ആസ്തി രജിസ്റ്റർ - വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല<br>Written By: Sunil.P.B (Asst. Audit Officer, On 01-01-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-9-3 |
| 15 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് -അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരമല്ല<br>Written By: Sunil.P.B (Asst. Audit Officer, On 01-01-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-9-4 |

| | | |
|---|---|---|
| 16 | ഡെപ്പോസിറ്റ് രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർ എന്നിവ പരിപാലിക്കുന്നതിലെ അപാകതകൾ<br>Written By: Sunil.P.B (Asst. Audit Officer, On 01-01-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-9-5 |
| 17 | Capital Work In Progress- വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുക പൊരുത്തപ്പെടുന്നില്ല<br>Written By: Sunil.P.B (Asst. Audit Officer, On 01-01-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-9-6 |
| 18 | ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തന കമ്മിറ്റികൾ, ജോയിന്റ് കമ്മിറ്റികൾ എന്നിവ രൂപീകൃതമായിട്ടില്ല.<br>Written By: Ram Manohar V.K (Audit Officer (HG), On 18-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-10 |
| 19 | ബ്ലോക്ക് പഞ്ചായത്തിന്റെ വികസനപദ്ധതികൾ - നിയമവ്യവസ്ഥ പാലിക്കേണ്ടതാണ്<br>Written By: Ram Manohar V.K (Audit Officer (HG), On 18-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-11 |
| 20 | ബ്ലോക്ക് പഞ്ചായത്തിന്റെ ഭരണ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നതിന് തുടർനടപടി ഉണ്ടാകണം<br>Written By: Ram Manohar V.K (Audit Officer (HG), On 18-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-12 |
| 21 | അസറ്റ് മാനേജ്മെന്റ് മാന്വൽ --- നിർദ്ദേശങ്ങൾ നടപ്പിലായില്ല<br>Written By: Ram Manohar V.K (Audit Officer (HG), On 18-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-13 |
| 22 | ഭിന്ന ശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.<br>Written By: Jeejo Job (Senior Grade Auditor, On 27-12-2021)<br>Last Updated By: Sunil.P.B (Asst. Audit Officer, On 19-04-2022) | 1-14 |
| 23 | പെയിൻ & പാലിയേറ്റീവ് പദ്ധതി - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല<br>Written By: Jeejo Job (Senior Grade Auditor, On 27-12-2021)<br>Last Updated By: Sunil.P.B (Asst. Audit Officer, On 19-04-2022) | 1-15 |
| 24 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളിലെ വിനിയോഗിച്ചതിന്റെ ബാക്കി തുക തിരിച്ചടവാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്<br>Written By: Sunil.P.B (Asst. Audit Officer, On 28-12-2021)<br>Last Updated By: Sunil.P.B (Asst. Audit Officer, On 19-04-2022) | 1-16 |
| 25 | വിനിയോഗ സാക്ഷ്യപത്രം/ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.<br>Written By: Sunil.P.B (Asst. Audit Officer, On 28-12-2021)<br>Last Updated By: Sunil.P.B (Asst. Audit Officer, On 19-04-2022) | 1-17 |
| 26 | തനതു ഫണ്ടിൽ നിന്നും ചെലവഴിച്ച തുക പൂർണ്ണമായി/ ഭാഗികമായി സുലേഖ ചെലവുപത്രികയിൽ നിന്നും ഒഴിവാക്കി<br>Written By: Sunil.P.B (Asst. Audit Officer, On 28-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-18 |
| 27 | മരാമത്ത് പണികൾ - പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 18-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-19 |
| 28 | മരാമത്ത് പണികൾ - മാന്വൽ വ്യവസ്ഥകളും, | 1-20 |

| | | |
|---|---|---|
| | ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല.<br>Written By: Ram Manohar V.K (Audit Officer (HG), On 18-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | |
| 29 | പാരിക്കുന്ന് കോളനി സാംസ്ക്കാരികനിലയം (കടങ്ങോട് ഗ്രാ. പ) - അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 18-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-21 |
| 30 | മങ്ങാട് പുളിഞ്ചോട് കാന നിർമ്മാണം (പോർക്കുളം ഗ്രാ. പ) - സ്വകാര്യ വ്യക്തിയുടെ പറമ്പിൽ സൂക്ഷിച്ചിട്ടുള്ള മണ്ണിന്റെ തുടർവിവരം ലഭ്യമാക്കേണ്ടതാണ്.<br>Written By: Ram Manohar V.K (Audit Officer (HG), On 18-03-2022)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 1-22 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jeejo Job (Senior Grade Auditor, On 21-12-2021)<br>Last Updated By: Sunil.P.B (Asst. Audit Officer, On 19-04-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jeejo Job (Senior Grade Auditor, On 20-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Jeejo Job (Senior Grade Auditor, On 20-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Jeejo Job (Senior Grade Auditor, On 20-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Jeejo Job (Senior Grade Auditor, On 20-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jeejo Job (Senior Grade Auditor, On 20-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Jeejo Job (Senior Grade Auditor, On 20-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ്<br>Written By: Jeejo Job (Senior Grade Auditor, On 21-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jeejo Job (Senior Grade Auditor, On 21-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jeejo Job (Senior Grade Auditor, On 21-12-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 06-04-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ബ്ലോക്ക് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 15.02.19 ലെ തീരുമാനം 4 പ്രകാരം 2019-20 വർഷത്തെ ബജറ്റ് തയ്യാറാക്കിയത് അംഗീകരിക്കുകയുണ്ടായി. 23.02.19ലെ ഭരണസമിതി യോഗത്തിൽ വൈസ് പ്രസിഡന്റ് കരട് ബജറ്റ് ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കുമായി അവതരിപ്പിച്ചു. ഇതനുസരിച്ച് മുൻബാക്കി 4,10,48,665 രൂപയും, പ്രതീക്ഷിത വരുമാനം 32,57,11,184 രൂപയും ചേർത്ത് ആകെ വരവ് 36,67,59,849 രൂപയും ആകെ ചെലവ് 36,66,59,587 രൂപയും നീക്കിബാക്കി 1,00,262 രൂപയും ആണ്. തുടർന്ന് പഞ്ചായത്ത് ഭരണസമിതിയുടെ 25.02.19 ലെ തീരുമാനം 1 പ്രകാരം 2019-20 വർഷത്തെ ബജറ്റ് വ്യത്യാസങ്ങളില്ലാതെ അംഗീകരിച്ചു. 23.07.19 ലെ യോഗത്തിലെ തീരുമാനം 2(1) പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി (ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 10.07.19 ൽ അംഗീകരിച്ച) 2019-20 വർഷത്തെ പുതുക്കിയ ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരം മുൻബാക്കി 2,02,23,603 രൂപയും, പ്രതീക്ഷിത വരുമാനം 32,57,11,184രൂപയും ചേർത്ത് ആകെ വരവ് 34,59,34,787 രൂപയും ആകെ ചെലവ് 34,59,24,787 രൂപയും നീക്കിബാക്കി 10,000 രൂപയും ആണ്.

പഞ്ചായത്ത് ബജറ്റ് തയ്യാറാക്കുന്നതിനും, പുതുക്കുന്നതിനും, പാസ്സാക്കുന്നതിനും സ്വീകരിക്കേണ്ട നിയമപരമായ ബാധ്യതകൾ എത്രത്തോളം നിർവ്വഹിച്ചു എന്ന് പരിശോധിക്കുന്നതിനാണ് ഓഡിറ്റിൽ ലക്ഷ്യമിട്ടത്.

### 1-1-1 ബജറ്റ് നിർദ്ദേശം സംബന്ധിച്ച പഞ്ചായത്ത് രാജ് നിയമത്തിലെയും, ചട്ടങ്ങളിലേയും വ്യവസ്ഥകളും ബ്ലോക്ക് പഞ്ചായത്തും.

1) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175 ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോവർഷവും ജനുവരി 15 ാം തീയതിക്കു മുൻപായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്.

ബ്ലോക്ക് പഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ അതാതിന് കീഴിൽ വരുന്ന ഉദ്യോഗസ്ഥരിൽ നിന്നും അവരവരുടെ വിഷയവുമായി ബന്ധപ്പെട്ട് വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും പൂർണ്ണമായും ബജറ്റ് നിർദ്ദേശങ്ങൾ ലഭിച്ചു എന്ന് ഉറപ്പാക്കത്തക്ക മറ്റ് രേഖപ്പെടുത്തലുകൾ മിനുട്സിൽ ചേർത്തിട്ടില്ലാത്തതാണ്. അതുകൊണ്ടുതന്നെ ബ്ലോക്ക് പഞ്ചായത്തിൽ ബജറ്റ് തയ്യാറാക്കിയത് ആവശ്യമായ അടിസ്ഥാനവിവരങ്ങളുടെ അഭാവത്തിലാണെന്ന് ന്യായമായും കരുതാവുന്നതാണ്.

2) ഇപ്രകാരം സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളേയും കേരള പഞ്ചായത്ത് രാജ് നിയമത്തിലെ എല്ലാ ആവശ്യങ്ങളേയും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അതിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ഒരു ബജറ്റ് തയ്യാറാക്കേണ്ടതായുണ്ട്. അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ മാർച്ച് മാസത്തെ ആദ്യത്തെ ആഴ്ച ബ്ലോക്ക് പഞ്ചായത്ത് മുൻപാകെ അതിന്റെ പ്രത്യേക യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിക്കണം. ഇപ്രകാരം ലഭിക്കുന്ന നിർദ്ദേശങ്ങൾ ബ്ലോക്ക് പഞ്ചായത്ത് പരിഗണിക്കുകയും ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ ആ വർഷം തുടങ്ങുന്നതിനു മുൻപായി ഭേദഗതികൾ സഹിതം പാസ്സാക്കേണ്ടതുമാണ്.

ബ്ലോക്ക് പഞ്ചായത്ത് ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ ആ വർഷം തുടങ്ങുന്നതിനു മുൻപായി പരിഗണിക്കുകയും പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

3) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 71 അനുസരിച്ച് അക്രൂവൽ അടിസ്ഥാനത്തിലുള്ള ബജറ്റാണ് ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കേണ്ടത്. ബജറ്റ് എസ്റ്റിമേറ്റിനൊപ്പം താഴെ നിർദ്ദേശിക്കുന്ന പത്രികകൾ കൂടി ഉണ്ടായിരിക്കേണ്ടതാണ്.

(I) റവന്യൂ വരുമാനം സംബന്ധിച്ച എസ്റ്റിമേറ്റ്

(Ii) റവന്യൂ ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Iii) മൂലധന വരവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Iv) മൂലധന ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(V) വായ്പാ തിരിച്ചടവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Vi) വായ്പകളും മുൻകൂറുകളും സംബന്ധിച്ച എസ്റ്റിമേറ്റ്

(Vii) ഡെപ്പോസിറ്റുകളും, റിക്കവറികളും സംബന്ധിച്ച എസ്റ്റിമേറ്റ്

(Viii) നിക്ഷേപങ്ങൾ സംബന്ധിച്ച എസ്റ്റിമേറ്റ്

എന്നാൽ ബ്ലോക്ക് പഞ്ചായത്ത് അംഗീകരിച്ച ബജറ്റിൽ ഇപ്രകാരം പ്രത്യേകം പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214(2) വകുപ്പനുസരിച്ച്, ബഡ്ജറ്റിൽ കാണിച്ചിട്ടുള്ള പ്രവർത്തന നീക്കിയിരിപ്പ് നടപ്പുവർഷത്തെ മതിപ്പു വരവിൽ എൻഡോവ്മെന്റുകളിലും സർക്കാർ ഗ്രാന്റുകളിലും അംശദായങ്ങളിലും ഋണശീർഷകങ്ങളിലും നിന്നുള്ള വരവുകൾ എന്നിവ ഒഴികെയുള്ളതിന്റെ അഞ്ചുശതമാനത്തിൽ കുറയാൻ പാടുള്ളതല്ലെന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുള്ളതാണ്. മേൽ വിവരിച്ച പത്രികകളുടെ അഭാവം ബജറ്റിൽ ചേർത്ത പ്രവർത്തന നീക്കിയിരിപ്പ് ഈ വ്യവസ്ഥപ്പെടുത്തൽ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നതാണ്.

4) ബജറ്റ് പാസ്സാക്കി കഴിഞ്ഞാലുടനെ ആയതിന്റെ പകർപ്പ് ഓഡിറ്റർമാർക്ക് നൽകേണ്ടതാണെന്ന കേരള പഞ്ചായത്ത് രാജ് നിയമം 214 (7) വകുപ്പനുസരിച്ച വ്യവസ്ഥ പാലിച്ചിട്ടില്ല.

## 1-1-2 ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetary Control)

(I) അനുപൂരകമോ പുതുക്കിയതോ ആയ ബജറ്റ്

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 72 അനുസരിച്ച് ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ, ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുൻപ് അനുപൂരക ബജറ്റോ, പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്ത് ബജറ്റ് പാസ്സാക്കി കഴിഞ്ഞ ശേഷം ബജറ്റ് പുതുക്കൽ അനിവാര്യമാകേണ്ടിയിരുന്ന ചില സന്ദർഭങ്ങൾ ചുവടെ ചേർക്കുന്നു.

06.08.19 ലെ വികസനസ്റ്റാന്റിംഗ് കമ്മറ്റി ശിപാർശ അനുസരിച്ച്, 2019-20 സാമ്പത്തികവർഷത്തെ അംഗീകാരം ലഭിച്ച വിവിധ പ്രോജക്ടുകളിൽ സാമ്പത്തിക വ്യതിയാനം അടക്കം വരുത്തി ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടുന്നതിന് തീരുമാനിക്കുകയും ആയത് പ്രകാരം 21.08.19 ലെ ഭരണസമിതി തീരുമാനം 2(12) അനുസരിച്ച് 37പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്നതിനും തീരുമാനിച്ചിരുന്നു. എന്നാൽ ബജറ്റ് പുതുക്കിയില്ല.

17.12.19 ലെ വികസനസ്റ്റാന്റിംഗ് കമ്മറ്റി ശിപാർശ അനുസരിച്ച്, 2019-20 സാമ്പത്തികവർഷത്തെ അംഗീകാരം ലഭിച്ച വിവിധ പ്രോജക്ടുകളിൽ സാമ്പത്തിക വ്യതിയാനം അടക്കം വരുത്തി ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടുന്നതിന് തീരുമാനിക്കുകയും ആയത് പ്രകാരം 17.12.19 ലെ ഭരണസമിതി തീരുമാനം 2(13) അനുസരിച്ച് 33 പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്നതിനും തീരുമാനിച്ചിരുന്നു. എന്നാൽ ബജറ്റ് പുതുക്കിയില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 73 അനുസരിച്ച് ഉചിതമായ ബജറ്റ് നിയന്ത്രണം കൈവരുത്തുന്നതിനുള്ള ഉത്തരവാദിത്തം സെക്രട്ടറിക്കും, നിർവ്വഹണ ഉദ്യോഗസ്ഥനും അക്കൗണ്ടന്റിനുമായിരിക്കും എന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ ബജറ്റ് നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ സാമാന്യമായി പാലിച്ചതായി കരുതാനാകില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|
| 31.7.2020 | 02.06.2020 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,05,48,895 |
| വരവ് | 4,97,00,263 |
| ആകെ | 7,02,49,158 |
| ചെലവ് | 4,70,19311 |

| | |
|---|---|
| നീക്കിയിരിപ്പ് | 2,32,29,847 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | | 0 | 4,36,41,000 | 4,36,41,000 | 2,87,26,928 | 1,49,14,072 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | 0 | 2,26,70,000 | 2,26,70,000 | 63,09,149 | 1,63,60,851 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 57,06,000 | 57,06,000 | 29,19,214 | 27,86,786 |
| തനത് ഫണ്ട് | ട്രഷറി അക്കൗണ്ട് (ജനറൽ പർപ്പസ് ഗ്രാന്റ് ഉൾപ്പെടെ) | 42,34,115 | 57,17,690 | 99,51,805 | 51,10,814 | 48,40,991 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| T.S.C | | 18,22,770 | 6,35,726 | 2458496 | 654350 | 18,04,148 |
| T.S.C NP | | 25,86,316 | 1,01,864 | 26,88,180 | 4,90,806 | 21,97,374 |
| PMKSY | | 3,58,185 | 47,09,178 | 50,67,363 | 49,96,091 | 71,272 |
| IAY(PLAN) | | 64,39,296 | 2,19,470 | 66,58,766 | 24,67,251 | 41,91,515 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് (ജില്ല/ഗ്രാമ പഞ്ചായത്ത്) | | 47,13,417 | 56,40,125 | 1,03,53,542 | 6,05,993 | 97,47,549 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 147 | 105339026 | 97 | 34898512 | 42 | 8 | 65.99% |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.12.2021ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് നീക്കിയിരുപ്പില്ല എന്ന്പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15-11-2021 മുതൽ 16-11-2021 വരെ | 2020-21 | 01.12.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.05.2019-21.05.2019 | 2014-2015 To 2018-19 | 17.06.2019 |

## 1-8 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ ബജറ്റ്, അക്കൗണ്ടിങ്ങ്, പദ്ധതി നിർവ്വഹണം എന്നീ വിവിധ ശീർഷകങ്ങളിലായി ഈ ഓഡിറ്റ് റിപ്പോർട്ടിൽ അതാത് ഓഡിറ്റ് ശീർഷകങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-9 വാർഷിക ധനകാര്യ പത്രിക പരിശോധന

2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. അപാകതകൾക്കുള്ള മറുപടി അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.3/20-12-2021)

### 1-9-1 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്).

### 1-9-2 വരവ് രജിസ്റ്ററുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2)(ഇ), (ജി)). എന്നാൽ, ഓഡിറ്റിന് ഹാജരാക്കിയ ടെണ്ടർ ഫോം വില്പന എന്നിവയുടെ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം, ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിൽ പ്രത്യേകം പ്രത്യേകം സൂക്ഷിച്ച പരിപാലിച്ചുവരുന്നതായാണ് പരിശോധനയിൽ കണ്ടത്. അവ വാർഷിക കണക്കിൽ ചേർത്തിരിക്കുന്ന വരുമാന തുകയുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതുമാണ്. ആയതിനാൽ അവയുടെ കൃത്യത വാർഷിക കണക്കുമായി ഒത്തുപോകുന്നതാണെന്ന് പരിശോധിക്കുന്നതിനായില്ല.

### 1-9-3 ആസ്തി രജിസ്റ്റർ - വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല

ആസ്തി രജിസ്റ്റർ ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-9-4 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് -അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരമല്ല

വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2680952/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)2750693/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-9-5 ഡെപ്പോസിറ്റ് രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർ എന്നിവ പരിപാലിക്കുന്നതിലെ അപാകതകൾ

എ) ഡെപ്പോസിറ്റ് രജിസ്റ്റർ പ്രതിവർഷ മുൻബാക്കി,വരവ്,ചെലവ്, നീക്കിയിരിപ്പ് എന്ന മാതൃകയിൽ പരിപാലിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B7 പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

ബി) അഡ്വാൻസ് രജിസ്റ്റർ പ്രതിവർഷ മുൻബാക്കി, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്ന മാതൃകയിൽ പരിപാലിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B18 പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

## 1-9-6 Capital Work In Progress- വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുക പൊരുത്തപ്പെടുന്നില്ല

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/അസി. എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/03/20 വരെ പാർട്ട് ബിൽ നൽകിയതും എന്നാൽ 31/03/2020-ൽ പണി പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക ₹12914645. 31/03/2020-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക ₹39,69,011/- രൂപയാണ്. പ്രസ്തുത കണക്കുകൾ തമ്മിൽ പൊരുത്തപെടുന്നില്ല.

## 1-10 ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തന കമ്മിറ്റികൾ, ജോയിന്റ് കമ്മിറ്റികൾ എന്നിവ രൂപീകൃതമായിട്ടില്ല.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 163 ാം വകുപ്പ് ഓരോ പഞ്ചായത്തിനും പ്രസ്തുത വകുപ്പിൽ വ്യക്തമാക്കിയ പ്രകാരം പ്രവർത്തന കമ്മിറ്റികൾ രൂപീകരിക്കുന്നതിനായി അധികാരം നൽകിയിട്ടുണ്ട്. പ്രസ്തുത നിയമത്തിലെ 165 ാം വകുപ്പ് മറ്റ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി ചേർന്ന് ജോയിന്റ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനും അധികാരം നൽകിയിട്ടുണ്ട്. ഓഡിറ്റ് കാലയളവിൽ ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ ഇപ്രകാരം പ്രവർത്തന കമ്മിറ്റികളോ, ജോയിന്റ് കമ്മിറ്റികളോ രൂപീകരിച്ചിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച വിവരം അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.01/20.12.21) ലഭ്യമാക്കിയ മറുപടി അനുസരിച്ച് ബ്ലോക്ക് പഞ്ചായത്തിൽ ഇപ്രകാരം കമ്മറ്റികളൊന്നും രൂപീകരിച്ചിട്ടില്ലെന്നും ആയത് രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും ആണ് അറിയിച്ചിട്ടുള്ളത്.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 4(1) ാം വകുപ്പ് പ്രകാരം മധ്യതലത്തിൽ സൃഷ്ടിക്കപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾക്ക് പഞ്ചായത്ത് രാജ് നിയമത്തിലെ നാലാം പട്ടികപ്രകാരം അതിന്റെ ചുമതലകൾ യഥാവിധി നിർവ്വഹിക്കുന്നതിന് ഇത്തരം കമ്മറ്റികൾ സഹായകരമാകുമെന്നതിനാൽ നിയമപ്രകാരം ആയത് രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 ബ്ലോക്ക് പഞ്ചായത്തിന്റെ വികസനപദ്ധതികൾ - നിയമവ്യവസ്ഥ പാലിക്കേണ്ടതാണ്

ഓരോ പഞ്ചായത്തും വാർഷിക പദ്ധതികൾക്കും പഞ്ചവത്സര പദ്ധതികൾക്കും പുറമേ ഇൻഫ്രാസ്ട്രക്ചർ വികസനത്തിന് വേണ്ടി, സ്പെഷ്യൽ പ്ലാനിംഗിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടും വിഭവസമ്പത്തും തുടർന്നുള്ള വികസനത്തിന്റെ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ടും, പതിനഞ്ചു വർഷക്കാലത്തേക്ക് ദീർഘവീക്ഷണത്തോടുകൂടിയ ഒരുപദ്ധതി തയ്യാറാക്കേണ്ടതും അപ്രകാരമുള്ള പദ്ധതി ബന്ധപ്പെട്ട ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് അയച്ചുകൊടുക്കേണ്ടതുമാണെന്ന് 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 175(4) ാം വകുപ്പ് നിഷ്കർഷിക്കുന്നുണ്ട്. ഓഡിറ്റ് കാലയളവിൽ, ചൊവ്വന്നൂർ ബ്ളോക്ക് പഞ്ചായത്ത് ഈ വ്യവസ്ഥപ്പെടുത്തൽ പ്രകാരം സ്വീകരിച്ച നടപടികൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.2/20.12.21) ലഭിച്ച മറുപടി പ്രകാരം പതിനഞ്ച് വർഷക്കാലത്തേക്കുള്ള പദ്ധതി രൂപീകരിച്ചതായി പഴയ റെക്കോർഡുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. നിയമവ്യവസ്ഥ പാലിക്കുന്നതിനുള്ള തുടർനടപടി ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-12 ബ്ലോക്ക് പഞ്ചായത്തിന്റെ ഭരണ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നതിന് തുടർനടപടി ഉണ്ടാകണം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 192(1) ാം വകുപ്പ് പ്രകാരം, ഓരോ പഞ്ചായത്തും ഓരോ വർഷവും സർക്കാർ

നിർദ്ദേശിക്കുന്ന ഫോറത്തിൽ അപ്രകാരമുള്ള വിശദാംശങ്ങൾ സഹിതം അതിന്റെ ഭരണത്തെ സംബന്ധിച്ച ഒരു റിപ്പോർട്ട് ഈ വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം തയ്യാറാക്കി തുടർന്നുവരുന്ന വർഷം സെപ്റ്റംബർ മുപ്പതാം തീയതിക്കകം പ്രസിദ്ധപ്പെടുത്തേണ്ടതും പ്രസ്തുത സമയപരിധിക്കുള്ളിൽ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്താത്ത പക്ഷം, അതിനുശേഷം പഞ്ചായത്തിന് നൽകാനുള്ള ഗ്രാന്റുകൾ സർക്കാരിന് തടഞ്ഞു വയ്ക്കാവുന്നതുമാണ്. അതിനാൽ 2019-20 വർഷത്തിൽ ബ്ളോക്ക് പഞ്ചായത്തിന്റെ ഭരണത്തെ സംബന്ധിച്ച ഒരു റിപ്പോർട്ട് ഇപ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം പരിശോധനക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.07/22.12.21) ലഭ്യമാക്കിയ മറുപടി പ്രകാരം ഇപ്രകാരം ഒരു റിപ്പോർട്ട് ബ്ളോക്ക് പഞ്ചായത്ത് പ്രസിദ്ധപ്പെടുത്തുന്നില്ല. അതിനാൽ നിയമവ്യവസ്ഥ പാലിക്കാൻ ബ്ളോക്ക് പഞ്ചായത്ത് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 അസറ്റ് മാനേജ്മെന്റ് മാന്വൽ --- നിർദ്ദേശങ്ങൾ നടപ്പിലായില്ല

20.01.2017 ലെ ജി. ഒ (ആർ. ടി) നം. 166/17/എൽ. എസ്. ജി. ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 2019-20 വർഷത്തേക്ക് ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലായോ എന്നത് സംബന്ധിച്ച് വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( എൻക്വയറി നം. 08 തീ. 22.12.21 ) നൽകിയിരുന്നു.

1) ബ്ലോക്ക് പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിരുന്നോ? ഉണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം.

2) തുടർന്ന് ആന്വൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നോ? ഉണ്ടെങ്കിൽ വിശദവിവരം.

3) ബ്ലോക്ക് പഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നോ? ഉണ്ടെങ്കിൽ വിവരം.

4) മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ബ്ളോക്ക് പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2019-20 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ എപ്രകാരമുള്ളതായിരുന്നു.

ബ്ലോക്ക് പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് മാന്വൽ നിർദ്ദേശങ്ങൾ നടപ്പിലായിട്ടില്ലെന്നും ആയത് എത്രയും പെട്ടെന്ന് നടപ്പിലാക്കാം എന്നുമാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപനരേഖയുടെ അഭാവത്തിലാണ് ബ്ലോക്ക് പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം(സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2019-20 വർഷത്തിൽ പ്രവർത്തിച്ചതെന്നാണ് കാണുന്നത്. അസറ്റ് മാനേജ്മെന്റ് പ്ലാൻ ഉൾപ്പെടെയുള്ള ഒരു സമീപനരേഖ പഞ്ചായത്തിൽ അനിവാര്യമാകുന്ന ചില സാഹചര്യങ്ങൾ താഴെ ചേർക്കുന്നു.

(I) ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 29.01.18 ലെ സ.ഉ(കൈ)നം.11/18/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിലെ ഖണ്ഡിക 7.13(12) പ്രകാരം, ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശ സ്വയംഭരണസ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയോടുകൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന് ഇപ്രകാരമൊരു പ്രവർത്തനം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

(Ii) 28.05.19 ലെ ഭരണസമിതി തീരുമാനം 2(8) താഴെ ചേർക്കുന്നു.

"ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന ഒഴുക്കുപാറ തടയണ നിർമ്മാണം എന്ന പ്രവൃത്തിയിൽ ഒരു പുതിയ തടയണ നിർമ്മാണവും ഒരു തടയണ പുനരുദ്ധാരണവുമാണ് ഉൾപെടുത്തിയിരുന്നത്. എന്നാൽ തടയണ പുനഃരുദ്ധാരണ പ്രവൃത്തിയിൽ സ്റ്റീൽ ഷട്ടർ മൂന്നെണ്ണം സ്ഥാപിക്കേണ്ടി വന്നതിനാലും തടയണയുടെ കാലപ്പഴക്കത്തിനാലും 4,56,117/- രൂപ ചെലവു വന്നിട്ടുണ്ടെന്നും ബാക്കി തുകയ്ക്ക് പുതിയ തടയണ നിർമ്മാണം സാധ്യമല്ലാത്തതിനാലും പദ്ധതി 2018-19 വർഷത്തെ സ്പിൽഓവർ പദ്ധതിയായതിനാലും പദ്ധതി നിലവിലെ സ്ഥിതിയിൽ അവസാനിപ്പിക്കാവുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനിയർ അറിയിച്ചത് യോഗം ചർച്ച ചെയ്തു. അസിസ്റ്റന്റ് എഞ്ചിനിയറുടെ ശുപാർശ യോഗം ഐകകണ്ഠേന അംഗീകരിച്ച് തീരുമാനിച്ചു."

(Iii) 28.05.19 ലെ ഭരണസമിതി തീരുമാനം 2(16) താഴെ ചേർക്കുന്നു.

"കടവല്ലൂർ ഗ്രാമപഞ്ചായത്തിൽ ബ്ലോക്ക് പഞ്ചായത്ത് നിർമ്മാണം പൂർത്തീകരിക്കാൻ ഉദ്ദേശിച്ചിരുന്ന ഒതളൂർ പമ്പ് ഹൗസ് എന്ന പ്രവൃത്തി ആരംഭിച്ചപ്പോൾ മൈനർ ഇറിഗേഷൻ വകുപ്പിന്റെ സ്റ്റോപ്പ് മെമ്മോ ലഭിക്കുകയും പ്രവൃത്തി

നിർത്തി വയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതിയിലുള്ള പൈപ്പ് സ്ലയിസിന്ന കേടുപാടുകൾ സംഭവിച്ചതിനാൽ വകുപ്പ് നഷ്ടപരിഹാരം ആവശ്യപ്പെടുകയോ കരാറുകാരൻ ചെലവായ തുക ആവശ്യപ്പെടുകയോ ചെയ്യുന്ന പക്ഷം ഉചിതമായ തീരുമാനമെടുക്കണമെന്നും അതോടൊപ്പം പ്രവൃത്തി ഉപേക്ഷിക്കാവുന്നതാണെന്നും സംയുക്ത പദ്ധതിയായതിനാൽ കടവല്ലൂർ ഗ്രാമപഞ്ചായത്തിൽ നിന്നും വിഹിതം വാങ്ങിയിട്ടുണ്ടെങ്കിൽ തിരിച്ച് നൽകേണ്ടതാണെന്നും അസിസ്റ്റന്റ് എഞ്ചിനിയർ രേഖാമൂലം അറിയിച്ചത് യോഗം വിശദമായി ചർച്ച ചെയ്തു. പദ്ധതി പ്രദേശം മൈനർ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലായതിലാൽ പദ്ധതി ഉപേക്ഷിക്കുന്നതിനും മറ്റു വിഷയങ്ങളിൽ കൂടിയാലോചനകൾക്ക് ശേഷം തീരുമാനങ്ങൾ എടുക്കുന്നതാണെന്നും യോഗം ഐക്യകണ്ഠേന അംഗീകരിച്ച് തീരുമാനിച്ചു."

(Iv) 23.07.19 ലെ ഭരണസമിതി തീരുമാനം 3(1) താഴെ ചേർക്കുന്നു.

"ബ്ലോക്ക് പഞ്ചായത്ത് പ്ലാസ്റ്റിക് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നടപ്പാക്കേണ്ട പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് കടങ്ങോട് ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് സംയുക്ത പദ്ധതിയായാണ് നടപ്പാക്കുന്നതിനു തീരുമാനിച്ചിരുന്നത്. എന്നാൽ പദ്ധതി നടപ്പാക്കുന്നതിൽ പദ്ധതി പ്രദേശത്തുനിന്നുയർന്ന പ്രതിഷേധം മൂലവും അനുയോജ്യമായ സ്ഥലം ലഭ്യമാകാത്ത കാരണത്താലും പദ്ധതി നടപ്പാക്കുന്നതിനു കാലതാമസം നേരിട്ട് വരുകയാണ്. കേരള സർക്കാർ പ്രഥമ പരിഗണന നൽകിവരുന്ന പ്രസ്തുത പദ്ധതി അടിയന്തിരമായി നടപ്പാക്കേണ്ടതിനാൽ ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിൽ ലഭ്യമായ സ്ഥലത്ത് നടപ്പാക്കുന്നതിന് യോഗം ഐക്യകണ്ഠേന അംഗീകരിച്ച് തീരുമാനിച്ചു."

മേൽ വിവരിച്ച സാഹചര്യത്തിൽ അസറ്റ് മാനേജ്മെന്റ് മാന്വൽ നിർദ്ദേശങ്ങൾ നടപ്പാക്കാൻ തുടർ നടപടി ഉറപ്പാക്കേണ്ടതും ആസ്തിരജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

## 1-14 ഭിന്ന ശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

പ്രൊജക്ട് നമ്പർ 17/20 (2019-20) ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതി പ്രകാരം ബ്ലോക്ക് വിഹിതമായി ഗ്രാമപഞ്ചായത്തുകൾക്ക് തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന ഗ്രാമപഞ്ചായത്തുകളിൽ നിന്നും മുഴുവൻ തുകയുടെയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

| ഗ്രാമപഞ്ചായത്തിന്റെ പേര് | ബ്ലോക്ക് വിഹിതമായി അനുവദിച്ച തുക | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയ തുക | ബാക്കി തുക |
|---|---|---|---|
| ചൊവ്വന്നൂർ | 2,21,640 | 1,64,800 | 56,840 |
| പോർക്കുളം | 1,72,110 | 1,72,000 | 110 |

മേൽ തുകകളുടെ വിനിയോഗ സാക്ഷ്യപത്രമോ വിനിയോഗിക്കാത്ത പക്ഷം ടി തുക തിരിച്ചടച്ച രേഖകളോ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.5/21.12.21)

## 1-15 പെയിൻ & പാലിയേറ്റീവ് പദ്ധതി - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

2019-20 വർഷത്തിൽ മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പെയിൻ & പാലിയേറ്റീവ് (പ്രൊജക്ട് നമ്പർ-5/20) എന്ന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ പെയിൻ & പാലിയേറ്റീവ് പദ്ധതിക്ക് വിഹിതം നൽകിയിട്ടുണ്ട്.

എന്നാൽ താഴെ പറയുന്ന പഞ്ചായത്തുകളുടെ ധന വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| ഗ്രാമപഞ്ചായത്തിന്റെ പേര് | ബ്ലോക്ക് വിഹിതമായി നൽകിയ തുക | വൗച്ചർ നമ്പർ / തീയതി |
|---|---|---|
| വേലൂർ | 130000 | 21900473/27.09.19 |
| കടങ്ങോട് | 100000 | 21900477/27.09.19 |
| കടവല്ലൂർ | 150000 | 21900385/21.08.19 |
| പോർക്കുളം | 100000 | 21900162/06.07.19 |

ബ്ലോക്ക് വിഹിതമായി നൽകിയ തുക ചെലവഴിച്ചിട്ടുണ്ടെങ്കിൽ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും അല്ലാത്ത പക്ഷം തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഉപേക്ഷിച്ച എന്നുള്ള സാക്ഷ്യപത്രം തിരിച്ചടവാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.20/24.12.21)

## 1-16 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളിലെ വിനിയോഗിച്ചതിന്റെ ബാക്കി തുക തിരിച്ചടവാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളിൽ ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുള്ളതാണ്.

1.പ്രോജക്ട് നം. 26/20 പുതുക്കുളം നവീകരണം (വൗച്ചർ നം.21900391/22.08.19) ₹3,00,000/- ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.12.21ലെ A2320/21 നമ്പർ കത്തിൽ പദ്ധതി ഉപേക്ഷിച്ചതായി അറിയിച്ചിട്ടുണ്ട്.

2.പ്രോജക്ട് നം.49/20 മലേഷ്യൻ കമ്പനി റോഡ് സൈഡ് കെട്ടൽ എന്ന പ്രോജക്ടിൽ ചൊവ്വന്നൂർ ഗ്രാമ പഞ്ചായത്തിന് ₹1,00,000 (വൗച്ചർ നം.21900388/22.08.19) കൈമാറിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23.11.20ലെ A2-100/20 നമ്പർ കത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി ₹98,469/- വിനിയോഗിച്ചതായി അറിയിച്ചിട്ടുണ്ട്. പദ്ധതിയിലെ ബാക്കി തുകയായി ₹1,531/- ഉള്ളതാണ്.

എന്നാൽ പ്രസ്തുത പദ്ധതികളിൽ വിനിയോഗിക്കാതെ ബാക്കി വന്ന തുക സഞ്ചിത നിധിയിൽ തിരിച്ചടച്ചതിന്റെ വിവരം അറിയിച്ചിട്ടില്ലാത്തതാണ്. പദ്ധതികളിൽ മിച്ചം വന്ന തുക/വിനിയോഗിക്കാത്ത തുക സഞ്ചിത നിധിയിൽ തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.18/23.12.21)

## 1-17 വിനിയോഗ സാക്ഷ്യപത്രം/ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

2019-20 വർഷത്തെ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം/ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതാണ്.

| ക്രമ നം. | പ്രോജക്ടിന്റെ പേരുവിവരം | വൗച്ചർ നം | തിയതി | തുക | തുക കൈപ്പറ്റിയ ഗ്രാമപഞ്ചായത്ത്/ സ്ഥാപനം | ഫണ്ട് വിവരം |
|---|---|---|---|---|---|---|
| 1 | 11/20 മാതൃകാ ഹരിത ഗ്രാമം | 21900397 | 27.08.19 | 4,41,510 | ചൂണ്ടൽ | വികസന ഫണ്ട് (പൊ.സാ.വിഹിതം) ജനറൽ |
| | | 21900524 | 12.12.19 | 4,06,370 | കടവല്ലൂർ | |
| | | 21900544 | 12.12.19 | 4,06,370 | വേലൂർ | |
| | | 21900631 | 09.01.20 | 2,50,000 | കാട്ടകാമ്പൽ | |
| 2 | 20/20 ചൂണ്ടൽ എസ്.സി. കമ്മ്യൂണിറ്റി ഹാൾ സോളാർ പാനൽ സ്ഥാപിക്കൽ | 21900395 | 24.08.19 | 5,00,000 | ചൂണ്ടൽ | വികസന ഫണ്ട് (പൊ.സാ.വിഹിതം) SCP |
| 3 | 28/20 ചിറ്റത്താഴം യൂണിയൻ കോൾപടവ് തടയണ നിർമ്മാണം | 21900492 | 11.12.19 | 5,00,000 | കാട്ടകാമ്പാൽ | വികസന ഫണ്ട് (പൊ.സാ.വിഹിതം) ജനറൽ |
| 4 | 29/20 ഷാരത്ത് റോഡ് | 21900394 | 24.08.19 | 2,50,000 | ചൂണ്ടൽ | വികസന ഫണ്ട് (പൊ.സാ.വിഹിതം) ജനറൽ |
| 5 | 31/20 ഏ.കെ.ജി. മസ്ജിദ് റോഡ് കാന സൈഡ് കെട്ട് | 21900518 | 11.12.19 | 3,00,000 | കടങ്ങോട് | വികസന ഫണ്ട് (പൊ.സാ.വിഹിതം) ജനറൽ |
| 6 | 32/20 ആൽത്തറ എൽ.എം.യുപി സ്കൂൾ റിംഗ് റോഡ് | 21900525 | 12.12.19 | 5,00,000 | കടവല്ലൂർ | വികസന ഫണ്ട് (പൊ.സാ.വിഹിതം) ജനറൽ |
| 7 | 33/20 കട്ടംകുളം കോട്ടയിൽ ക്ഷേത്രം | 21900520 | 12.12.19 | 3,00,000 | വേലൂർ | വികസന ഫണ്ട് (പൊ.സാ.വിഹിതം) |

| | | | | | | |
|---|---|---|---|---|---|---|
| | റോഡ് | | | | | ജനറൽ |
| 8 | 34/20 കട്ടംകുളം വിളക്കകാൽ പ്രിയദർശിനി റോഡ് | 21900521 | 12.12.19 | 2,00,000 | വേലൂർ | വികസന ഫണ്ട് (പൊ.സാ.വിഹിതം) ജനറൽ |
| 9 | 35/20 നടമുറി പാലട്ടുമുറി റോഡ് | 21900491 | 18.10.19 | 2,50,000 | കാട്ടകാമ്പാൽ | വികസന ഫണ്ട് (പൊ.സാ.വിഹിതം) ജനറൽ |
| 10 | 37/20 ഗ്രേസ് റോഡ് | 21900489 | 18.10.19 | 2,50,000 | കാട്ടകാമ്പാൽ | വികസന ഫണ്ട് (പൊ.സാ.വിഹിതം) ജനറൽ |
| 11 | 39/20 കൈതവളപ്പ് ചെറുകര റോഡ് | 21900490 | 18.10.19 | 3,00,000 | കാട്ടകാമ്പാൽ | വികസന ഫണ്ട് (പൊ.സാ.വിഹിതം) ജനറൽ |
| 12 | 45/20 ക്ലനംമൂച്ചി പെലക്കാട്ട് പയ്യർ റോഡ് റീ ടാറിംഗ്, കാന നിർമ്മാണം | 21900393 | 24.08.19 | 5,00,000 | ചൂണ്ടൽ | വികസന ഫണ്ട് (പൊ.സാ.വിഹിതം) ജനറൽ |
| 13 | 47/20 ഡോ.ജോഷി തോമസ് റോഡ് | 21900389 | 22.08.19 | 2,00,000 | ചൊവ്വന്നൂർ | വികസന ഫണ്ട് (പൊ.സാ.വിഹിതം) ജനറൽ |
| 14 | 52/20 ഇയ്യാൽ പാറപ്പുറം കുടിവെള്ള പദ്ധതി | 21900547 | 12.12.19 | 1,00,000 | കടങ്ങോട് | വികസന ഫണ്ട് (പൊ.സാ.വിഹിതം) ജനറൽ |
| 15 | 53/20 വെള്ളറക്കാട് മനപ്പടി കുടിവെള്ള പദ്ധതി | 21900517 | 11.12.19 | 1,00,000 | കടങ്ങോട് | വികസന ഫണ്ട് (പൊ.സാ.വിഹിതം) ജനറൽ |
| 16 | 55/20 പുതുമാത്തൂർ കുടിവെള്ള പദ്ധതി | 21900546 | 12.12.19 | 2,00,000 | കടങ്ങോട് | വികസന ഫണ്ട് (പൊ.സാ.വിഹിതം) ജനറൽ |
| 17 | 56/20 മങ്ങാട് പറക്കുന്ന് ആനത്തങ്ങാടി കുടിവെള്ള പദ്ധതി | 21900672 | 12.12.19 | 2,00,000 | പോർക്കുളം | വികസന ഫണ്ട് (പൊ.സാ.വിഹിതം) ജനറൽ |
| 18 | 57/20 സ്രായൽക്കടവ് നടപ്പാത പദ്ധതി | 21900488 | 18.10.19 | 2,00,000 | കാട്ടകാമ്പാൽ | വികസന ഫണ്ട് (പൊ.സാ.വിഹിതം) ജനറൽ |
| 19 | 58/20 ആനക്കല്ല് സൗഹൃത കുടിവെള്ള പദ്ധതി | 21900543 | 12.12.19 | 1,25,000 | | വികസന ഫണ്ട് (പൊ.സാ.വിഹിതം) ജനറൽ |
| 20 | ആശ്രയ പദ്ധതി | 21900487 | 18.10.19 | 12,500 | ചൂണ്ടൽ | വികസന ഫണ്ട് (പൊ.സാ.വിഹിതം) ജനറൽ |
| | | 21900522 | 12.12.19 | 12,500 | കടവല്ലൂർ | |
| | | 21900542 | 12.12.19 | 12,500 | വേലൂർ | |
| | | 21900545 | 12.12.19 | 12,500 | കാട്ടകാമ്പൽ | |
| 21 | 158/20 കിഴക്കുമുറി ഗഫൂർ റോഡ് | 21900630 | 18.10.19 | 5,00,000 | ചൂണ്ടൽ | വികസന ഫണ്ട് (പൊ.സാ.വിഹിതം) ജനറൽ |

| | | | | | | |
|---|---|---|---|---|---|---|
| 22 | 139/20 കാട്ടകാമ്പാൽ പഞ്ചായത്ത് 49-ാം നമ്പർ അംഗനവാടിയുടെ അനുബന്ധപ്രവർത്തി | 21900274 | 01.11.19 | 1,15,000 | കാട്ടകാമ്പൽ | കേന്ദ്രാവിഷ്കൃത ഫണ്ട് (ICDS) |
| 23 | 15/20 IKM വിഹിതം നല്കല് | 21900381 | 08.08.19 | 63,700 | IKM | വികസന ഫണ്ട് (പൊ.സാ.വിഹിതം) ജനറൽ |
| 24 | 144/20 കാൻ തൃശ്ശൂർ | 21900264 | 24.10.19 | 1,20,000 | ജില്ലാ പഞ്ചായത്ത് | തനത് ഫണ്ട് |

മേൽ പരാമർശിച്ച പ്രോജക്ടുകളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം നിർവ്വഹണ ഏജൻസികളിൽ നിന്ന് ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.17/23.12.21)

## 1-18 തനതു ഫണ്ടിൽ നിന്നും ചെലവഴിച്ച തുക പൂർണ്ണമായി/ ഭാഗികമായി സുലേഖ ചെലവുപത്രികയിൽ നിന്നും ഒഴിവാക്കി

2019-20 വർഷത്തെ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ നടത്തിപ്പിനായി തനത് ഫണ്ടിൽ നിന്നും താഴെ പറയും വിധം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത തുക എന്നാൽ തനതു ഫണ്ടിൽ നിന്നും ചെലവഴിച്ച പൂർണ്ണമായ/ ഭാഗികമായ തുക മാത്രമേ സുലേഖ ചെലവുപത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ .

**പ്രോജക്ട് നം.2/20 കേരളോത്സവം 2019**

(A) കേരളോത്സവം പ്രോജക്ടിൽ തനത് ഫണ്ടിൽ നിന്നും ആകെ ₹156343/- ചെലവഴിച്ചിട്ടുള്ളതാണ് എന്നാൽ ₹1,50,000/- മാത്രമേ സുലേഖ ചെലവുപത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം. | വൗച്ചർ തിയതി | തുക |
|---|---|---|---|
| 1 | 21900303 | 19.11.19 | 1,00,000 |
| 2 | 21900360 | 30.12.19 | 50,000 |
| 3 | 21900361 | 30.12.19 | 6,343 |
| ആകെ | | | 1,56,343 |

(B) 12/21 ലൈഫ് പി.എം.എ.വൈ. എന്ന പ്രോജക്ടിൽ ഗ്രാമ പഞ്ചായത്ത് വിഹിതമായി ₹70,000/- യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ അക്കൗണ്ട് നം.550802010010097 ൽ നിന്നും 10.01.2020ന് RTGS ചെയ്തിട്ടുള്ളതാണ് (വൗച്ചർ നം.21900367/01.01.20). ആയത് വിതരണം ചെയ്ത വിവരം പ്രസ്തുത പ്രോജക്ടിന്റെ വിതരണ രജിസ്റ്റർ പേജ് നം.34ൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. എന്നാൽ ഈ ചെലവ് സുലേഖ ചെലവുപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം അറിയിച്ചിട്ടില്ലാത്തതാണ്. (ഓഡിറ്റ് എൻക്വയറി നം.16/23.12.21)

## 1-19 മരാമത്ത് പണികൾ - പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത് പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം. 270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ള്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം. 36/13/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം. 74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

24.08.2015-ലെ ജി.ഒ.(പി)നം. 375/15/ധന-ഉത്തരവ് പ്രകാരം എല്ലാ എൻജിനീയറിംഗ് വകുപ്പകളിലേയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE സോഫ്റ്റ് വെയർ മുഖേനയാകണമെന്ന് സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് 03.11.2015-ലെ ജി.ഒ.(എം.എസ്)നം. 498/15/ധന-ഉത്തരവ് പ്രകാരം, ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധവകുപ്പകൾക്കായി സമയപരിധി അനുവദിച്ചും ഉത്തരവായിരുന്നു.

29.02.2016-ലെ ജി.ഒ.(പി)നം. 30/16/ധന-ഉത്തരവ് പ്രകാരം, ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന പ്രവർത്തികളിൽ കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കാനും ഓവർഹെഡ്ചാർജ്ജസ് എസ്റ്റിമേറ്റിന്റെ 7.5% അനുവദിക്കാനും ഉത്തരവായിരുന്നു.

ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത്പ്രവൃത്തികളുടെ എസ്റ്റിമേററ് തയ്യാറാക്കിയത് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു

**07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം ഡാറ്റയിൽ ആകെ CP&OH ആയി 15% അനുവദിക്കാനേ വ്യവസ്ഥ പെടുത്തിയിട്ടുള്ളൂ. ആയതിനാൽ LSGD PRICE സോഫ്റ്റ് വെയറിൽ 10% OH ഉം 10% CP ഉം അർഹതപ്പെടുത്തി അനുവദിച്ചുള്ള സർക്കാർഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയില്ല. സർക്കാർഉത്തരവിന്റെ അഭാവത്തിൽ 10% CP യ്ക്ക് പുറമേ 10% ഓവർഹെഡ് ചാർജ്ജ് MORD DATA യിൽ അനുവദിക്കുന്നത് ക്രമത്തിലല്ല.**

2) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നു

DSR നിരക്കും, CPWD ഡാറ്റയോ മറ്റ് ഡാറ്റകളോ ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ 1% വാട്ടർചാർജ്ജും അതിനുപുറമേ CP&OH ആയി 15% ഉം അനുവദിക്കാനേ പിഡബ്ള്യുഡി മാന്വൽ, മേൽസൂചിപ്പിച്ച സർക്കാർ ഉത്തരവുകൾ എന്നിവ അനുവദിക്കുന്നുള്ളൂ. എന്നാൽ LSGD PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നുണ്ട്. ആയത് അർഹതപ്പെടുത്തി അനുവദിച്ച സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു എങ്കിലും ലഭ്യമായില്ല. സർക്കാർ ഉത്തരവിന്റെ അഭാവത്തിൽ ഇപ്രകാരം അനുവദിച്ചത് ക്രമത്തിലല്ല.

മേൽ അപാകതകൾ കാരണം എസ്റ്റിമേറ്റ് തുക അനർഹമായി ഉയർന്ന് നിൽക്കുന്നുണ്ട്. അതുകൊണ്ടുതന്നെ അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 09/22.12.21.)

## <u>1-20 മരാമത്ത് പണികൾ - മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല.</u>

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18 പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത്പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം.270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ള്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം.36/13/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

<u>1) പ്രവർത്തനകലണ്ടർ-കരാറുകാർ സമർപ്പിക്കുന്നില്ല</u>

2012 ലെ പിഡബ്ള്യുഡി മാന്വൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തന കലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തനകലണ്ടർ കരാറിന്റെ ഭാഗമാകുന്നതാണ്. എന്നാൽ ഇപ്രകാരം ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിച്ചതായി മരാമത്ത് ഫയലുകളിൽ രേഖയില്ല.

2) പ്രവൃത്തിയുടെ കാലാവധി നീട്ടുന്നതിന് പിഴ ഈടാക്കാനുള്ള വ്യവസ്ഥ–കരാറിൽ ചേർത്തിട്ടുള്ളത് പുതുക്കിയ മാന്വൽ വ്യവസ്ഥ പ്രകാരമല്ല.

പുതുക്കിയ പിഡബ്ള്യുഡി മാന്വൽ പ്രകാരം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നാൽ സ്വീകരിക്കേണ്ട നടപടികളും ഫൈൻ സംബന്ധിച്ച വ്യവസ്ഥകളും സെക്ഷൻ 2112, 2112.1 എന്നിവയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ 2019-20 സാമ്പത്തികവർഷത്തിൽ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിലെ കരാർ വ്യവസ്ഥകൾ പരിശോധിച്ചപ്പോൾ, ബന്ധപ്പെട്ട കരാറിൽ ഈ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിനു പകരം പരിഷ്കരിച്ച മാന്വൽ പ്രയോഗത്തിൽ വരുന്നതിന് മുൻപേയുള്ള വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയതായി കാണുന്നത്.

3) പൊതുമരാമത്ത് പണിയുടെ ഡിസ്പ്ലേ ബോർഡുകൾ പ്രദർശിപ്പിക്കുന്നില്ല

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-17(3) പ്രകാരം, പൊതുമരാമത്ത് പണിയുടെ ഡിസ്പ്ലേ ബോർഡുകൾ പണിസ്ഥലത്ത് പ്രദർശിപ്പിക്കുന്നതിന് നിഷ്കർഷിക്കുന്നുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചശേഷം പ്രവൃത്തി നടക്കുന്ന സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ പ്ലേക്കിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ഡിസ്പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണെന്നും 29.01.2018 ലെ സ. ഉ(കൈ). നം. 11/18/ ത.സ്വ.ഭ.വ ഖണ്ഡിക 13.5 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. മരാമത്ത് ഫയലുകളിൽ ഈ നിയമ വ്യവസ്ഥകൾ പാലിച്ചതായി രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല.

4) ആസ്തിയുടെ യുണീക്ക് നംപർ പ്രോജക്ട് രൂപീകരണ ഫോറം 2 ൽ ചേർക്കുന്നില്ല. അതുകാരണം ആസ്തിയുടെ അസ്ഥിത്വം ഉറപ്പിക്കാനാവുന്നില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കുവാൻ തുടർനടപടി ഉണ്ടാകേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 09/22.12.21.)

## 1-21 പാരിക്കുന്ന് കോളനി സാംസ്കാരികനിലയം (കടങ്ങോട് ഗ്രാ. പ) - അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 111/18, 107/19, 95/20 |
| പ്രൊജക്റ്റ് | പാരിക്കുന്ന് കോളനി സാംസ്കാരികനിലയം (കടങ്ങോട് ഗ്രാ. പ) |
| സാങ്കേതികാനുമതി | 82717/2017-18 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2017-18/131244 Dtd. 31.10.17 |
| സാങ്കേതികാനുമതി തുക | 7,00,000 രൂപ |
| കരാറുകാരൻ | ശ്രീ. ജിൽസൺ ആന്റണി.പി |
| കരാർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് (ക്വട്ടേഷൻ) |
| കരാർ ഉടമ്പടി | 43/AEE/CHNR/2017-18 Dtd. 24.03.18 |
| എം.ബുക്ക് | 55/18-19, 8/19-20 |
| വൗച്ചർ നമ്പർ തുക | 21900128/17.04.19 = 237674 ( SCP ) 21900470/18.09.19 = 459973 |

| | |
|---|---|
| | ( SCP ) |

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം കടങ്ങോട് ഗ്രാമ പഞ്ചായത്തിലെ പാരിക്കുന്ന് കോളനിയിലെ പുറമ്പോക്ക് സ്ഥലത്ത് കോളനി നിവാസികൾക്ക് വേണ്ടി 33.54 എം2 Plinth Area യിൽ ഒരു സാംസ്കാരികനിലയവും, ഈ കോളനിയിലെ 40 മീറ്റർ നീളം വരുന്ന മൺനടപ്പാത കോൺക്രീറ്റ് ചെയ്യുന്നതിനും, ഈ റോഡിന്റെ തുടക്കത്തിൽ 20 മീറ്റർ നീളത്തിൽ സൈഡ് കെട്ടുന്നതിനും ആണ് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിട്ടുള്ളത്. ഈ പ്രവൃത്തിയുടെ (സാംസ്കാരിക നിലയത്തിന്റെ) ഇലക്ട്രിഫിക്കേഷന് വേണ്ടി 2020-21 ൽ 82892 രൂപയും ചെലവഴിച്ചിട്ടുണ്ട്. (പ്രൊജക്ട് നം.103/21)

പ്രവൃത്തിയുടെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) പ്രോജക്ട് നടത്തിപ്പിനായി ഉപയോഗപ്പെടുത്തുന്ന ഭൂമിയുടെ ആസ്തി നമ്പർ, ഇനി സർക്കാർ പുറമ്പോക്കാണെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ അനുമതി പത്രം എന്നിവ ലഭ്യമായതായി കാണുന്നില്ല.

2) കെട്ടിടത്തിന് കെട്ടിട നമ്പർ നൽകുവാനായി അസിസ്റ്റന്റ് എഞ്ചിനീയർ 23.11.19 ലെ കത്ത് പ്രകാരം കടങ്ങോട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയതായി കാണുന്നില്ല.

3) ഇലക്ട്രിഫിക്കേഷൻ കഴിഞ്ഞെങ്കിലും വൈദ്യുതി കണക്ഷൻ ലഭിച്ചതായി ഫയലിൽ രേഖപ്പെടുത്തൽ ഇല്ലാത്തതാണ്.

4) സാംസ്കാരികനിലയം പഞ്ചായത്തിന് രേഖാമൂലം കൈമാറിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും സാംസ്കാരികനിലയം പഞ്ചായത്തിന് രേഖാമൂലം കൈമാറി വിവരം റിപ്പോർട്ടിന്റെ പ്രഥമമറുപടിയിൽ ചേർക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.24/24.12.21)

## 1-22 മങ്ങാട് പുളിഞ്ചോട് കാന നിർമ്മാണം (പോർക്കുളം ഗ്രാ. പ) - സ്വകാര്യ വ്യക്തിയുടെ പറമ്പിൽ സൂക്ഷിച്ചിട്ടുള്ള മണ്ണിന്റെ തുടർവിവരം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 72/20 |
| പ്രൊജക്ട് | മങ്ങാട് പുളിഞ്ചോട് കാന നിർമ്മാണം (പോർക്കുളം ഗ്രാ. പ) |
| സാങ്കേതികാനുമതി | 28913/2019-20 |
| സാങ്കേതികാനുമതി ഉത്തരവ് | LSGD/TS/2019-20/52661 Dtd. 30.07.19 |
| സാങ്കേതികാനുമതി തുക | 5,00,000 രൂപ |
| കരാറുകാരൻ | ശ്രീ. നന്ദനൻ.എം |
| കരാർ നിരക്ക് | 399314.93 |
| കരാർ ഉടമ്പടി | 04/AE/CHNR/2019-20 Dtd. 25.09.19 |
| എം.ബുക്ക് | 16/19-20 |
| വൗച്ചർ നമ്പർ, തുക | 21900516/10.12.19 = 446200 (DF GEN) |

പോർക്കുളം ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 09.10.19 ലെ തീരുമാനം 1(4) പ്രകാരം ഈ പ്രവൃത്തിയുടെ കാന നിർമ്മാണത്തിന്റെ ഭാഗമായി നീക്കം ചെയ്യുന്ന മണ്ണ് സമീപത്ത് ഡെപ്പോസിറ്റ് ചെയ്യുന്നതിന് സ്ഥലം ഇല്ലാത്തതിനാൽ സർവ്വെ നമ്പർ 89/7ൽ ഭൂവുടമസ്ഥനായ എടക്കളത്തൂർ ആന്റണി മകൻ ജോൺസൻ എന്നിവരുടെ സമ്മതത്തോടെ സൂക്ഷിക്കുന്നതിന് തീരുമാനം എടുത്തിരുന്നു.

പേജ് 1 എം ബുക്ക് 16/20 ലെ രേഖപ്പെടുത്തൽ പ്രകാരം 42.24 എം3 മണ്ണ് ഇപ്രകാരം സ്വകാര്യ വ്യക്തിയുടെ പറമ്പിൽ സൂക്ഷിച്ചിട്ടുണ്ട്. ഇപ്രകാരം മണ്ണ് മാറ്റുന്നതിന് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളതുമാണ്. സ്വകാര്യ വ്യക്തിയുടെ പറമ്പിൽ സൂക്ഷിച്ചിട്ടുള്ള ഈ മണ്ണിന്റെ തുടർവിവരം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.23/24.12.21) മറുപടി ലഭിച്ചില്ല.

പൊതുസ്ഥലത്തുനിന്നും ഇപ്രകാരം ലഭ്യമായ മണ്ണ്, തുടർന്ന് ഏതെങ്കിലും പൊതു ആവശ്യത്തിന് ഉപയോഗപ്പെടുത്തിയതായോ, ലേലം ചെയ്ത് നടപടിക്രമം പാലിച്ച് വിൽപ്പന നടത്തുന്നതിന് നടപടി സ്വീകരിച്ചതായോ മരാമത്ത് ഫയലിൽ രേഖപ്പെടുത്തൽ ഇല്ലാത്തതാണ്. മോർഡ് നിരക്ക് പ്രകാരം 1m³ മണ്ണിന് 159.71 രൂപ വിലയുള്ളതാണ്. മാർക്കറ്റ് നിരക്ക് ഇതിനേക്കാൾ കൂടുതലുമാണ്. അതിനാൽ ഈ വിഷയത്തിൽ തുടർനടപടി സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതും, പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായി എന്ന് കാണുന്ന പക്ഷം ആയത് നിജപ്പെടുത്തി ഉത്തരവാദിയായവരിൽ നിന്നും ഈടാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗത്തിന്റെ വിവരം താഴെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ചതുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കടവല്ലൂർ ഗ്രാമ പഞ്ചായത്ത് | 2019-20 | 50000 | വടക്കുമുറി കൊള്ളഞ്ചേരി | 50000 | ഇല്ല |
| വേലൂർ ഗ്രാമ പഞ്ചായത്ത് | | 2100000 | കോമൺ ഫെസിലിറ്റേഷൻ സെന്റർ | 0 | 2100000 |
| കണ്ടാണശ്ശേരി ഗ്രാമ പഞ്ചായത്ത് | | 180000 | പി.എം.എ.വൈ (ജിപി) ഷെയർ | 0 | 180000 |
| ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 7 ഗ്രാമപഞ്ചായത്തുകൾ (പോർക്കുളം ഒഴികെ) | | 140000 | ലൈഫ് അദാലത്ത് | 140000 | - |
| | ആകെ | 2470000 | | 190000 | 2280000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 3171330 | പി.എം.എ.വൈ -ഡി.പി.ഷെയർ | 0 | 3171330 |
| | | 3171330 | | 0 | 3171330 |

സാമ്പത്തിക വർഷത്തെ കണക്കുകൾ മാത്രമാണ് സ്ഥാപനം ലഭ്യമാക്കിയിട്ടുള്ളത് ഇത്തരത്തിൽ വാർഷിക കണക്കുകളിലെ B4-പട്ടികയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. വാർഷിക

കണക്കുകൾ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെട്ടും വിധം സംയുക്ത ഫണ്ട് സംബന്ധിച്ച കണക്കുകൾ സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

2019-20 വർഷത്തിൽ ഡെപ്പോസിറ്റ് വർക്കുകൾ ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-3 | 07-08, 08-09 | 3.7.3 | ഫയലുകൾ ഹാജരാക്കാത്തതു സംബന്ധിച്ച് | ഫയലുകൾ കണ്ടെത്താൻ ശ്രമിക്കുന്നു |
| 2003-04 | 3-4 എ 3-4 ബി 3-8 | 07-08, 08-09 | 3.7.4 | ഫയലുകൾ ഹാജരാക്കാത്തതു സംബന്ധിച്ച് | ഫയലുകൾ കണ്ടെത്താൻ ശ്രമിക്കുന്നു |

## 4-8 ചാർജ്ജ് സർചാർജ്ജ്

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 49700263 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 47019311 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

ഇല്ല

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 95-96, 96-97, 97-98 | എൽ.എഫ്.ടി.10 -187/99/ 19.7.99 |
| 98-99 | എൽ.എഫ്.ടി.21 – 2683/06, തി.23.5.07 |
| 99-2000 | എൽ.എഫ്.ടി.21 – 2684/06, തി. 22.6.07 |
| 2000-01 | എൽ.എഫ്.ടി.21 – 2685/06, തി. 24.5.07 |
| 01-02 | എൽ.എഫ്.ടി.21 – 2318/07, തി. 02.8.08 |
| 02-03 | എൽ.എഫ്.ടി.21 – 2317/08, തി. 02.8.08 |
| 03-04 | എൽ.എഫ്.ടി.21 – 2316/08, തി. 02.8.08 |
| 04-05 | എൽ.എഫ്.ടി.21 – 817/09, തി. 20.7.10 |
| 05-06 | എൽ.എഫ്.ടി.21 – 812/09, തി. 20.7.10 |
| 06-07 | എൽ.എഫ്.ടി.21 – 813/09 തി. 20.7.10 |
| 07-08 മുതൽ 10-11 വരെ | എൽ.എഫ്.ടി (ബി.പി)– 1875/2012, തി.2.2.13/ 13.5.13 |
| 11-12 | എൽ.എഫ്.ടി. (ബി.പി.)– 2102/2012, തി.8.4.14/ 1.7.14 |
| 12-13 | എൽ.എഫ്.ടി. (ബി.പി)– 1288/2014, തി.10.11.14/ 11.2.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.(ബി.പി)1185/15 തിയ്യതി:15-10-15/08-12-15 |
| 2014-15 & 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(ബി.പി)622/17 തിയ്യതി:31-05-17 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(ബി.പി1)1705/17 തിയ്യതി:27.11.17/03.01.2018 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(ബി.പി1)1960/18 തിയ്യതി:07.02.19/26.03.2019 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ.(ബി.പി1)1032/19 തിയ്യതി:30.08.19/10.12.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂര് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്